# കേരളീയ ജൈവഗ്രാമം

**കെ.എസ്. പ്രമോദ്**
കോ-ഓർഡിനേറ്റർ, ജൈവഗ്രാമം, അക്കിക്കാവ് പി.ഒ

**പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യം നിത്യേനയെന്നോണം നഷ്ടമായിക്കൊണ്ടിരിക്കുന്ന സമകാലീകാവസ്ഥയിൽ കൃഷി അടിസ്ഥാനമാക്കി പാരമ്പര്യ കൈത്തൊഴിലുകളും കൈവേലകളും വീണ്ടെടുത്ത് അനുദിനം തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന ഗ്രാമീണ കാർഷിക-തൊഴിൽ മേഖലകളെ സുസ്ഥിരവും സ്വയം സംപൂർണ്ണവുമാക്കാൻ ലക്ഷ്യമിട്ടാണ് തൃശ്ശൂർ ജില്ലയിലെ അക്കിക്കാവിനടുത്തുള്ള നോങ്ങല്ലൂരിൽ ജൈവഗ്രാമം വിഭാവനം ചെയ്തിരിക്കുന്നത്.**

**ജൈവകൃഷി സങ്കേതങ്ങളിലൂടെ കൃഷി ലാഭകരമാക്കുന്നതോടൊപ്പം വിഷമുക്തമായ പരിസരവും കൃഷിയിലെ ജൈവപാരസ്പര്യത്തിന്റെ പുനഃസ്ഥാപനവും ജൈവഗ്രാമം ലക്ഷ്യമിടുന്നു. പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ചുള്ള നിർമ്മാണയൂണിറ്റുകളുടെ സ്ഥാപനം, അവയുടെ മേൽനോട്ടം, ജൈവകാർഷികോൽപ്പന്നങ്ങളുടെയും പ്രകൃതി സൗഹൃദോൽപ്പന്നങ്ങളുടെയും വിതരണം, പാരമ്പര്യഅറിവുകളുടെയും പൈതൃകസ്മാരകങ്ങളുടെയും സംരക്ഷണം, സമൂഹത്തിൽ എകാന്തതയും ഒറ്റപ്പെടലും അനുഭവിക്കുന്നവർക്കുള്ള അഭയകേന്ദ്രം, പ്രകൃതിയേയും പ്രാദേശിക സംസ്കൃതിയേയും മാനിക്കുന്ന സഞ്ചാരികൾക്കുവേണ്ടി പരിസ്ഥിതി-കൃഷി-പൈതൃക അറിവനുഭവയാത്രകൾ. ഇതെല്ലാം ജൈവഗ്രാമത്തിന്റെ പ്രവർത്തന പരിപാടികളിൽ പെടുന്നു.**

**കാർഷിക ആത്മഹത്യകളും തൊഴിൽ അരക്ഷിതാവസ്ഥയും നിലനിൽക്കുന്ന ഗ്രാമീണമേഖലയിൽ ഗാന്ധിയൻ ദർശനങ്ങളിൽ അടിയുറച്ചുനിന്നുകൊണ്ടുള്ള ഒരു സുസ്ഥിര വികസനമാണ് ജൈവഗ്രാമത്തിന്റെ സ്വപ്നം.**



## പ്രവർത്തനപരിപാടികൾ

### മാതൃകാഗ്രാമം

നെൽപ്പാടങ്ങളും, കുളങ്ങളും, കാവുകളും സംരക്ഷിച്ച് ഒരു പാരമ്പര്യ കാർഷിക-പൈതൃകഗ്രാമമായി നോങ്ങല്ലൂരിനെ നിലനിർത്തുക. അതുവഴി അവിടത്തെ പരിസ്ഥിതി സംതുലനവും ആരോഗ്യകരമായ ജീവിതപരിസരവും തുടർന്നുകൊണ്ടുപോകുക. ജലസംരക്ഷണം, ഊർജ്ജവിനിയോഗം, മാലിന്യസംസ്കരണം തുടങ്ങിയ മേഖലകളിൽ മാതൃകയാകുക.

### ജൈവകൃഷി

ജൈവകൃഷിരീതികൾ വ്യാപകമാക്കുക. കൃഷിക്ക് പൊയ്പോയ മാന്യതയും പ്രാധാന്യവും തിരിച്ച് കൊണ്ട് വരിക. ജൈവ കാർഷികോൽപ്പന്നങ്ങൾക്ക് പരമാവധി വിലയോടെ വിപണി കണ്ടെത്താൻ സഹായിക്കുക. ജൈവകൃഷി സംബന്ധമായ പഠന നിരീക്ഷണങ്ങൾ നടത്തുക. പാരമ്പര്യവിത്തിനങ്ങൾ സംരക്ഷിയ്ക്കുക.

### നിർമ്മാണ യൂണിറ്റുകൾ

പ്രാദേശികമായി കിട്ടാവുന്ന സാധനങ്ങളും മറ്റു പരിസ്ഥിതിക്കിണങ്ങുന്ന വസ്തുക്കളും ഉപയോഗിച്ച് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക. അതിനാവശ്യമായ ധനസഹായം, പരിശീലനം എന്നിവ ലഭ്യമാക്കുക. അത്തരം ഉൽപ്പന്നങ്ങൾക്ക് വിപണികണ്ടെത്താൻ സഹായിക്കുക.

### പഴമപ്പുര

പുരാതന കാർഷികോപകരണങ്ങളുടേയും ഗാർഹികോപകരണങ്ങളുടേയും ഒരു പ്രദർശനശാല സഞ്ജമാക്കുക. ചെറിയൊരു നിരക്ക് ഈടാക്കിക്കൊണ്ട് പൊതുജനങ്ങൾക്കും വിനോദയാത്രാസംഘങ്ങൾക്കും അത് കാണാനുള്ള സൗകര്യമേർപ്പെടുത്തുക. നാട്ടറിവുകളും നാടൻ സാങ്കേതികവിദ്യയും അന്യംനിന്നുപോകാതെ സൂക്ഷിക്കുക. അവ പ്രചരിപ്പിക്കുക

### തണലിടം

സാമൂഹ്യപ്രവർത്തകരും കുടുംബത്തിന്റെ തണലില്ലാത്തവരുമായ ഒറ്റയാൻമാർക്ക് ഒരിടം നിർമ്മിക്കുക. അവരെ സാമൂഹികമായ അരക്ഷിതാവസ്ഥയിൽ നിന്ന് മാറ്റി അവരുടെ പ്രവർത്തനശേഷി ജൈവഗ്രാമത്തിന് വേണ്ടി ഉപയോഗിക്കുക. അവരുടെ ജീവിതം സുരക്ഷിതമാക്കുക.

## കളിക്കൂട്ടം

കുട്ടികളുടെ കൂട്ടായ്മകൾ വളർത്തിയെടുക്കുക. ജാതി-മത-വർഗ്ഗ വിഭജനങ്ങൾക്കപ്പുറം സ്നേഹത്തിന്റെയും അറിവിന്റേയും തുറസ്സിടങ്ങൾ അവർക്കായി തീർക്കുക. പഠനക്യാമ്പുകൾ(പാട്ട്, ചിത്രമെഴുത്ത്, കളരി, യോഗ, കളികൾ,ഭാഷ, ശാസ്ത്രം, ഗണിതം...), യാത്രകൾ, തൊഴിൽ പരിശീലന കളരികൾ, വായനശാല എന്നിവ നടത്തുക. പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിൽ അവരെ പങ്കാളികളാക്കുക. നിർദ്ധനരായ വിദ്യാർത്ഥികളെ സഹായിക്കുക.

## അറിവനുഭവയാത്രകൾ

പ്രകൃതിയേയും പ്രാദേശിക സംസ്കൃതിയേയും മാനിക്കുന്ന ജൈവഗ്രാമത്തിന്റെ നിയന്ത്രണങ്ങൾ പാലിക്കാൻ തയ്യാറുള്ള സഞ്ചാരികളെ ഉൾപ്പെടുത്തി ചെറിയ രീതിയിലുള്ള യാത്രാ പദ്ധതികൾ നടപ്പിലാക്കുക. അവർക്ക് താമസ-പഠനസൗകര്യങ്ങൾ ലഭ്യമാക്കുക നാഗരീകമായ തിരക്കുകളിൽ നിന്നു വരുന്ന കുട്ടികളെ ഗ്രാമീണ ജീവിതവുമായി ബന്ധപ്പെടുത്തുക. മണ്ണിനോടും അധ്വാനത്തിനോടുമുള്ള പുച്ഛവും വെറുപ്പും മാറ്റുക.

## പൈതൃകസ്മാരക സംരക്ഷണം

കേരളത്തിലെ മഹാശിലാസ്മാരകങ്ങളുടെ പ്രധാന കേന്ദ്രമാണ് ജൈവഗ്രാമത്തിന്റെ പരിസരപ്രദേശങ്ങൾ. 1952 സുപ്രശസ്ത പുരാവസ്തു ശാസ്തജ്ഞനായ ബി. കെ. താപ്പർ ഉദ്ഘനനം നടത്തിയ പോർക്കുളം വേദക്കാട് ഗുഹ, കാട്ടകമ്പാൽ മുനിയറ, ചൊവ്വന്നൂർ ഗുഹ, റോമൻ നാണയങ്ങൾ കണ്ടെടുത്ത ഇയ്യാൽ ഗുഹ, ചിറമനേങ്ങാട് കുടക്കൽ പറമ്പ്, കക്കാട് മുനിമട എന്നിവ ജൈവഗ്രാമത്തിന്റെ 6 കിലോമീറ്റർ ചുറ്റളവിലായാണ് സ്ഥിതിചെയ്യുന്നത്. പുരാതനക്ഷേത്രവും സംരക്ഷിത സ്മാരകവുമായ ചെമ്മന്തിട്ട ക്ഷേത്രം, കുറിയേടത്തു താത്രിയുടെ ഇല്ലപറമ്പ്, വേദപഠനശാലയായിരുന്ന ചെവ്വന്നൂർ സഭാമഠം എന്നിവയും ഈ പരിസരത്ത് സ്ഥിതി ചെയ്യുന്നു. പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശമായ കലശുമലക്കുന്നും, ചോലക്കാടും, നരിമടയും ജൈവഗ്രാമത്തിനോട് തൊട്ട് ചേർന്നാണ് സ്ഥിതിചെയ്യുന്നത്. ഇത്തരം പൈതൃകസ്മാരകങ്ങളുടെ നിലനിൽപ്പിനും സംരക്ഷണത്തിനുമുള്ള പ്രവർത്തനപരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാലാക്കലും ജൈവഗ്രാമത്തിന്റെ പ്രവർത്തനലക്ഷ്യങ്ങളിൽ ഉൾപ്പെട്ടതാണ്.

ഒരു മാതൃകാ കാർഷിക- പൈതൃക ഗ്രാമം എന്ന ലക്ഷ്യത്തിലേക്കുള്ള യാത്രയിൽ കേരളത്തിലെ പലഭാഗങ്ങളിൽ നിന്നുള്ള പരിസ്ഥിതി-സാംസ്കാരിക-സാമുഹ്യപ്രവർത്തകർ ജൈവഗ്രാമവുമായി സഹകരിക്കുന്നുണ്ട്. കുളങ്ങളും കാവുകളും പാടശേഖരവും അതുപോലെ തന്നെ നിലനിർത്തി ഒരു ഗ്രാമത്തിന്റെ ജൈവസംതുലനം നിലനിർത്തുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായി പരമ്പരാഗതമായ ഒരു സർപ്പക്കാവിനോട് ചേർന്ന് കിടക്കുന്ന ഭൂമി ഏറ്റെടുത്ത് അതുപോലെ തന്നെ നിലനിർത്താനുള്ള നിർദ്ദേശം ജൈവഗ്രാമം മുന്നോട്ടുവെച്ചപ്പോൾ അതിനോട് സഹകരിച്ച് ജീവിതത്തിന്റെ വിവിധമേഖലകളിൽ നിന്നുള്ള 34 പേർ ചേർന്ന് ആ ഭൂമി വാങ്ങികയും കൂടുതൽ വൈവിധ്യമായ മരങ്ങൾ വെച്ച് അതിനെ ഗ്രാമത്തിന്റെ പൊതു ഇടമാക്കി മാറ്റുകയും ചെയ്തു. ഗ്രാമത്തിലെ വലിയ തലക്കുളമായ നോങ്ങല്ലൂർ ചിറയും അവിടത്തെ പണിയാതെ കിടക്കുന്ന പാടങ്ങളും ഇത്തരത്തിൽ ഏറ്റെടുക്കാനുള്ള ശ്രമം നടക്കുന്നു. ജൈവകൃഷിരീതിയിൽ നെൽകൃഷി നടത്തുകയും അതിന്റെ വിളവെടുപ്പ് കൊയ്ത്തുത്സവമായി കൊണ്ടാടുകയും ചെയ്തു. കുട്ടികളുടെ കളിക്കൂട്ടവും സജീവമായി പ്രവർത്തിച്ചു വരുന്നു.

ജൈവഗ്രാമത്തിന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് നമുക്കോരോരുത്തർക്കും ചെയ്യാവുന്ന ഒരു പാട് കാര്യങ്ങളുണ്ട്. അത് സ്വയം കണ്ടെത്തി ഈ സംരംഭത്തിൽ പങ്കുചേരുക. അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിയോജിപ്പിക്കുകളും അറിയിക്കുക.

വിവേകം

# വിത്തുഗുണം പത്തുഗുണം

എസ്. ഭാർഗവരാമൻ

**സ്വന്തം** വലയിൽ വിളഞ്ഞ വിത്ത് വിതയ്ക്കുക എന്ന ശീലം കൈമോശം വന്നതോടെയാണ് കർഷകരുടെ പ്രത്യേകിച്ചും നെൽകർഷകരുടെ ശനിദശയ്ക്ക് തുടക്കമായത്. മാർക്കറ്റിൽനിന്ന് വാങ്ങുന്ന വിത്തുകൾ ഗുണത്തിൽ മോശമാണെന്നു മാത്രമല്ല കർഷകന് കൂടുതൽ പണച്ചിലവും ഉണ്ടാക്കുന്നു. ഓരോ തവണ പുതിയ വിത്തുകൾ തേടി പോകേണ്ടിവരുമ്പോഴും എന്താണ് ആ വിത്തിന്റെ ഗുണമെന്നോ സ്വഭാവമെന്നോ കർഷകന് മുൻകൂട്ടി അറിയാനും സാധിക്കില്ല.

പരമ്പരാഗത വിത്തുകൾക്ക് മണ്ണിന്റെയും കാലാവസ്ഥയുടെയും പലതരം സമ്മർദ്ദങ്ങളെയും അതിജീവിക്കാനുള്ള കഴിവുകളുണ്ടായിരുന്നു. "അത്യുൽപാദനശേഷിയുള്ള വിത്തുകൾ" രാസവളങ്ങളോട് അധികം പ്രതികരണ ശേഷിയുള്ള വിത്തുകളായിരുന്നുവെന്ന് കാലം തെളിയിച്ചു. രാസവള കീടനാശിനി പ്രയോഗങ്ങൾ മണ്ണിന്റെ പ്രതികരണശേഷി നശിപ്പിച്ചപ്പോൾ അവ കർഷകരുടെ പാരമ്പര്യ വിത്തുകളേക്കാൾ ഉത്പാദനം കുറഞ്ഞവയായി.

വിത്താണ് ഒരു ചെടിയുടെ അടിസ്ഥാന ഘടകം. ആരോഗ്യമുള്ള, രോഗപ്രതിരോധ ശേഷിയുള്ള വിത്തിൽനിന്ന് ശക്തിയും ആരോഗ്യവുമുള്ള ചെടിയുണ്ടാകുന്നു. ആ ചെടിയിൽനിന്ന് കൂടുതൽ ആരോഗ്യമുള്ള വിത്തും.

നല്ല വിത്ത് തെരഞ്ഞെടുക്കുന്നതിലൂടെ മാത്രം നെല്ലിൽ 25% മുതൽ 40% വരെ വിളവ് വർദ്ധിപ്പിക്കാം എന്നു പറഞ്ഞാൽ അത് വിശ്വസിക്കാമോ ? എന്നാൽ സംഗതി സത്യമാണ്. ചെയ്യേണ്ടത് ഇത്രമാത്രം. ശുദ്ധമായ നമ്മുടെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ ഏതെങ്കിലും ഒരു പാരമ്പര്യ വിത്തിനെ കണ്ടെത്തുക. ആ വിത്തിൽ കലർപ്പില്ല എന്ന് ഉറപ്പുവരുത്തുക. ആ വിത്ത് കൃഷി ചെയ്തുണ്ടായ വിളയിൽനിന്ന് നല്ല വിത്തുകൾ മാത്രം തെരഞ്ഞെടുത്ത് വീണ്ടും കൃഷി ചെയ്യുക. ഇങ്ങനെ തുടർന്നാൽ മൂന്നുനാല് വിളകൾക്കുള്ളിൽ വിളവ് വർദ്ധിപ്പിക്കാമെന്നുറപ്പ്. ഇതെന്നും തുടർന്നാൽ തുടർച്ചയായി സ്ഥിരമായ വിളവ് ലഭിക്കും.

വിത്തും രാസവളവും കീടനാശിനിയും വാങ്ങാനുള്ള പണവും ലാഭിക്കാം.